ആഗോള മുസ്‌ലിം സമൂഹവും ഉപജാപങ്ങളും-2



■ ലേഖനം

പി.പി അബ്ദുർറസ്സാഖ് പെരിങ്ങാടി

# ആദ്യം തകർത്തത് സമഗ്ര വിദ്യാഭ്യാസ പദ്ധതി

**18-ഉം** 19-ഉം നൂറ്റാണ്ടുകളിൽ മുസ്‌ലിം ലോകത്തേക്ക് കടന്നുവന്ന കൊളോണിയലിസത്തിന് മുസ്‌ലിം ലോകത്തെ വിദ്യാഭ്യാസക്രമത്തെ സംബന്ധിച്ച് കൃത്യവും വ്യക്തവുമായ ധാരണയുണ്ടായിരുന്നു. കാരണം, യൂറോപ്യൻ നവോത്ഥാനത്തിനു വേണ്ടി കൈമാറ്റം ചെയ്യപ്പെട്ട മുസ്‌ലിം ചിന്തയുടെയും വിജ്ഞാനത്തിന്റെയും സ്വഭാവവും പശ്ചാത്തലവും അവരുടെ മുമ്പിലുണ്ടായിരുന്നു. മതത്തെ പഠിക്കുന്ന മുസ്‌ലിം വിദ്യാർഥി അവിടെ എല്ലാ വിജ്ഞാനശാഖകളും പഠിക്കുകയായിരുന്നു. എല്ലാം വിശുദ്ധ ഖുർആനിൽ തുടങ്ങി വിശുദ്ധ ഖുർആനിൽ അവസാനിക്കുകയായിരുന്നു അവിടെ. അങ്ങനെയാണ് ഹിജ്റ 830-ൽ ഖലീഫ മഅ്മൂൻ സ്ഥാപിച്ച ബഗ്ദാദിലെ 'ബൈത്തുൽ ഹിക്മ' ഒരേ സമയം മതപാഠശാലയും സയൻസ് അക്കാദമിയും വാനനിരീക്ഷണാലയവും പബ്ലിക് ലൈബ്രറിയും ഒക്കെ ആയത്. അവിടെ പ്ലാറ്റോയും അരിസ്റ്റോട്ടിലും ഹിപ്പോക്രാറ്റിസും ടോളമിയുമൊക്കെ വിശുദ്ധ ഖുർആൻ പഠനത്തിന്റെ ഭാഗമായിതന്നെ നിരൂപണം ചെയ്യപ്പെടുമായിരുന്നു.

അങ്ങനെയാണ്, ഇത്തരം മതപാഠശാലകളിൽനിന്ന് സാമൂഹിക ശാസ്ത്രജ്ഞനും ചരിത്രകാരനുമായ ഇബ്നു ഖൽദൂനും ഭിഷഗ്വരനും തത്ത്വശാസ്ത്രജ്ഞനും ഖുർആൻ വ്യാഖ്യാതവുമായ റാസിയും ഗണിതജ്ഞനും വാനനിരീക്ഷകനുമായിരുന്ന അൽ ഖവാറസ്മിയും ഭിഷഗ്വരനും തത്ത്വശാസ്ത്രജ്ഞനുമായിരുന്ന ഇബ്നു സീനയും ഗണിത ശാസ്ത്രജ്ഞനായിരുന്ന മുഹമ്മദുബ്നു മൂസയും ആസ്ട്രോണമിയിലും മെഡിക്കൽ സയൻസിലും അഗ്രഗണ്യരായിരുന്ന സാബിതുബ്നു ഖുർറയും ത്രികോണമിതിയുടെ ഉപജ്ഞാതാവ് അബൂ അബ്ദില്ല അൽ ബത്താനിയും ഒക്കെ ഉണ്ടായത്. ഇവരൊക്കെ ഇസ്‌ലാമിക പാഠശാലയുടെ സന്തതികളായിരുന്നു. വാനനിരീക്ഷണ ശാസ്ത്രത്തെ വികസിപ്പിച്ചതും കെമിസ്ട്രിയെന്ന ശാസ്ത്ര ശാഖക്ക് ജന്മം നൽകിയതും ഈ മതപാഠശാലകളായിരുന്നു. അബുൽ റയ്ഹാൻ മുഹമ്മദുബ്നു അഹ്മദ് അൽബിറൂനി എന്ന സർവകലാ വിജ്ഞാനങ്ങളിലും വ്യുൽപത്തിയുണ്ടായിരുന്ന മഹാ പണ്ഡിതനെ ഇസ്‌ലാമിക പാഠശാലയുടെ പരിഛേദമെന്ന് തന്നെ വിശേഷിപ്പിക്കാം. ഒരേസമയം ചരിത്രകാരനും തത്ത്വചിന്തകനും സഞ്ചാരിയും ഭൂമിശാസ്ത്രജ്ഞനും ഭാഷാ ശാസ്ത്രജ്ഞനും ഗണിത ശാസ്ത്രജ്ഞനും ജ്യോതിശ്ശാസ്ത്രജ്ഞനും ഊർജതന്ത്രജ്ഞനുമൊക്കെയായിരുന്നു അൽബിറൂനി.

ഈ വിദ്യാഭ്യാസരീതിയിലായിരുന്നു 18-ഉം 19-ഉം നൂറ്റാണ്ടുകളിൽ മുസ്‌ലിംലോകത്തേക്ക് കടന്നുവന്ന കൊളോണിയലിസം കൈവെച്ചത്. അവർ ഭൗതിക വിജ്ഞാനങ്ങളും മാനവിക വിഷയങ്ങളും സെക്യുലറൈസ് ചെയ്തു. അങ്ങനെയാണ്, വെറും കർമശാസ്ത്രവും ഇസ്‌ലാമിക ചരിത്രവും ഖുർആൻ പാരായണവും മാത്രം പഠിപ്പിക്കുന്ന മദ്റസകൾ മുസ്‌ലിം ലോകത്ത് നിലവിൽവന്നത്. ഇപ്പോൾ നവകൊളോണിയലിസം അവ ഭീകരവാദികളെ പടച്ചുവിടുന്ന സ്ഥാപനങ്ങളാണെന്ന് വരുത്തിത്തീർത്ത് ഈ മദ്റസകളെ ഇനിയും 'പരിഷ്കരിച്ചു' ഇല്ലാതാക്കാനോ അതിന് സാധിക്കുന്നില്ലെങ്കിൽ അടച്ചുപൂട്ടിക്കാനോ ഉള്ള ശ്രമങ്ങളിലാണ്. മുസ്‌ലിം സമൂഹം ആഭ്യന്തരമായി കൊളോണിയലിസത്തിന് മുമ്പുള്ള

വിദ്യാഭ്യാസരീതിയിലൂടെ ആധുനിക സാങ്കേതികവിദ്യകളും നൂതന രീതികളും ഉപയോഗിച്ച് മദ്റസാ പഠനത്തെ പുനഃസംവിധാനിക്കേണ്ടതുണ്ട്. താൽപര്യമുള്ള ഇതര മത വിഭാഗങ്ങൾക്കും പഠിക്കാൻ അവിടെ അവസരം നൽകണം. വിശുദ്ധ ഖുർആനും തിരുസുന്നത്തും അടിസ്ഥാനമാക്കി ഭൗതിക ശാസ്ത്രവും മാനവിക വിഷയങ്ങളും മാനേജ്മെന്റ് സയൻസും പഠിപ്പിക്കപ്പെടുന്ന രീതി ആവിഷ്കരിക്കുക തന്നെ വേണം. രാപകലുകളുടെ മാറ്റത്തെക്കുറിച്ചും സൂര്യ ചന്ദ്രന്മാരുടെ ചലനത്തെക്കുറിച്ചും അതിന്റെ പിന്നിലെ ഗണിതത്തെക്കുറിച്ചും ഭാഷാ വൈവിധ്യത്തെക്കുറിച്ചും മറ്റും ചിന്തിക്കാൻ ആവശ്യപ്പെടുന്ന വിശുദ്ധ ഗ്രന്ഥം ആധുനികമായി പഠിപ്പിക്കാൻ ഇവയെക്കുറിച്ചൊക്കെ സാമാന്യമായിട്ടെങ്കിലും അറിയേണ്ടതില്ലേ? മനുഷ്യജീവിതത്തിന്റെ സൂക്ഷ്മ-സ്ഥൂല തലങ്ങളെ എല്ലാ കോണുകളിലൂടെയും നോക്കിക്കാണുന്ന ഒരു ഗ്രന്ഥം പഠിപ്പിക്കുന്നവർക്ക് ജീവിതത്തെ സംബന്ധിച്ച ഉദ്ഗ്രഥിതവും ഹൊളിസ്റ്റിക്കുമായ കാഴ്ചപ്പാടുണ്ടെങ്കിലേ മദ്റസാ അധ്യാപനവും പഠനവും സാമ്രാജ്യത്വ ഉപജാപങ്ങളെ അതിജീവിച്ചാലും ഇസ്‌ലാം വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്ന ഫലം അത് നൽകുകയുള്ളൂ.

18, 19 നൂറ്റാണ്ടുകളിലെ കൊളോണിയലിസം കൈകാര്യം ചെയ്തിട്ടില്ലാത്ത ഒന്നാണ് നവകൊളോണിയലിസം ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിംകൾ നടത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങൾക്കും ഏർപ്പെടുത്തുന്ന വിലക്കുകൾ. വിശ്വാസാദർശത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ട് നടത്തപ്പെടുന്ന വിദ്യാഭ്യാസ- ആതുര സേവനപ്രവർത്തനങ്ങൾ അങ്ങനെത്തന്നെ നിരോധിക്കാനോ ഇല്ലാതാക്കാനോ സാധിക്കില്ലെന്ന് മനസ്സിലാക്കുന്ന നവകൊളോണിയലിസം, അത്തരം പ്രവർത്തനങ്ങളെയും ആ പ്രവർത്തനങ്ങളിലേർപ്പെടുന്ന ഏജൻസികളെയും 'ഭീകരവത്കരിച്ച്' ബന്ധപ്പെട്ട രാജ്യങ്ങളിലെ ഭരണകൂടങ്ങളുടെയും ബാങ്കുകളുടെയും സഹായത്തോടുകൂടി ഇല്ലായ്മ ചെയ്യാൻ തകൃതിയായി ശ്രമിച്ചുകൊണ്ടിരിക്കുന്നു.

## സാമ്പത്തികമായും സൈനികമായും ദുർബലപ്പെടുത്തൽ

അറബ് മുസ്‌ലിംലോകം സാങ്കേതികമായും മനുഷ്യവിഭവശേഷിയിലും ഇതര ജനവിഭാഗങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ പിന്നാക്കമാണ്. ഭൂമിക്കടിയിൽ അല്ലാഹു കനിഞ്ഞരുളിയ 'മന്നാ' യും ഇതര പ്രകൃതി വിഭവങ്ങളുമാണ് ലോകത്തിനൊപ്പം സഞ്ചരിക്കാൻ സാമ്പത്തികമായും മറ്റും അറബ് മുസ്‌ലിം സമൂഹത്തെ പ്രാപ്തമാക്കുന്നത്. ഇതുകൂടി ഇല്ലായിരുന്നെങ്കിൽ, തന്ത്രപ്രധാന മേഖലയെന്ന പ്രാധാന്യത്താലും ആഗോള സാമ്രാജ്യത്വത്തിന് അതിന്റെ തലസ്ഥാനമാക്കാനുള്ള ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ടും വിദേശ സൈനികർക്ക് മാത്രം താൽപര്യമുണ്ടാക്കുന്ന, തീർഥാടകരല്ലാതെ മറ്റാരെയും ആകർഷിക്കാത്ത മേഖലയായി അത് മാറുമായിരുന്നു. ഭൂമിക്കടിയിലെ ഈ 'മന്നാ' തന്നെയാണ് ആകാശത്തുനിന്നുള്ള 'തീമഴ' അറബ്-മുസ്‌ലിം സമൂഹത്തിൽ വർഷിക്കാനുള്ള കാരണവും. അനുഗ്രഹത്തെ കൃതഘ്നത കൊണ്ട് പകരം വെച്ചതിന്റെ ദുരന്തം കൂടിയാകാം അത്. ഒരു സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ശക്തി സാമ്പത്തിക ശേഷിയും സൈനികബലവും കൂടിയാണെന്ന് ഖുർആൻ ഉണർത്തുന്നുണ്ട് (4:102, 17:6). ഈ രണ്ട് വിഷയങ്ങളിലും മുസ്‌ലിംകൾ അശ്രദ്ധരാകുവാൻ ശത്രുക്കൾ ആഗ്രഹിക്കുന്നുവെന്നാണ് വിശുദ്ധ ഖുർആൻ നൽകുന്ന സൂചന. ഈ ആഗ്രഹം നിരവധി ഉപജാപ പ്രവർത്തനങ്ങളായി പരിണമിച്ചതാണ് ആധുനിക മുസ്‌ലിം സമൂഹത്തിന്റെ ചിത്രം.

**മുസ്‌ലിം ലോകത്തേക്ക് കടന്നുവന്ന കൊളോണിയലിസത്തിന് മുസ്‌ലിം ലോകത്തെ വിദ്യാഭ്യാസക്രമത്തെ സംബന്ധിച്ച് കൃത്യവും വ്യക്തവുമായ ധാരണയുണ്ടായിരുന്നു. കാരണം, യൂറോപ്യൻ നവോത്ഥാനത്തിനു വേണ്ടി കൈമാറ്റം ചെയ്യപ്പെട്ട മുസ്‌ലിം ചിന്തയുടെയും വിജ്ഞാനത്തിന്റെയും സ്വഭാവവും പശ്ചാത്തലവും അവരുടെ മുമ്പിലുണ്ടായിരുന്നു. ഈ വിദ്യാഭ്യാസ രീതിയിലായിരുന്നു 18-ഉം 19-ഉം നൂറ്റാണ്ടുകളിൽ മുസ്‌ലിംലോകത്തേക്ക് കടന്നുവന്ന കൊളോണിയലിസം കൈവെച്ചത്. അവർ ഭൗതിക വിജ്ഞാനങ്ങളും മാനവിക വിഷയങ്ങളും സെക്യുലറൈസ് ചെയ്തു. അങ്ങനെയാണ്, വെറും കർമശാസ്ത്രവും ഇസ്‌ലാമിക ചരിത്രവും ഖുർആൻ പാരായണവും മാത്രം പഠിപ്പിക്കുന്ന മദ്റസകൾ മുസ്‌ലിം ലോകത്ത് നിലവിൽവന്നത്.**



ഒരുഭാഗത്ത് തങ്ങളുടെ സമ്പത്ത് കൊള്ളയടിക്കാനുള്ള രാഷ്ട്രീയ മേൽക്കോയ്മ അറബ്-മുസ്‌ലിം സമൂഹത്തിന്റെ മേൽ സ്ഥാപിക്കുന്നു. ഈ മേൽക്കോയ്മ ഒരിക്കൽ സ്ഥാപിച്ചുകഴിഞ്ഞാൽ, സാമൂഹികബന്ധമോ രാഷ്ട്രാന്തരീയ സന്ധികളോ കരാറുകളോ വ്യവസ്ഥകളോ ഒന്നും തന്നെ ഈ ശക്തികൾ പരിഗണിക്കുകയേ ഇല്ല. 'അധരങ്ങൾ കൊണ്ട് (നയതന്ത്രപരമായി) പ്രീതിപ്പെടുത്താൻ ശ്രമിക്കും. പക്ഷേ, അവരുടെ ഹൃദയം സമ്മതിക്കില്ല' (9:8). ഈ രാഷ്ട്രീയ മേൽക്കോയ്മ ഉപയോഗിച്ച് അവരുടെ സാമ്പത്തിക സ്രോതസ്സുകളുടെ നിയന്ത്രണം ഏറ്റെടുക്കുകയും ഉൽപന്നങ്ങളുടെ മാർക്കറ്റ് വില ഈ ശക്തികൾതന്നെ നിശ്ചയിക്കുകയും ചെയ്യുന്നു. എണ്ണക്ക് അതിന്റെ ഏറ്റവും ഉയർന്ന വിലനിലവാരത്തിലും പെപ്സിയുടെയും കോളയുടെയും അത്ര വില കിട്ടാത്തത് എണ്ണ മുഖ്യമായും അറബ് മൂന്നാം ലോകത്തിന്റെ ഉൽപന്നവും കോള അമേരിക്കയുടെ ഉൽപന്നവുമായതുകൊണ്ടു കൂടിയാണ്.

മുസ്‌ലിംലോകത്തിന്റെ സമ്പത്ത് അതത് രാജ്യങ്ങളുടെ വികസനത്തിന് ഉപയോഗിക്കുന്നതിനു പകരം തങ്ങളുടെ പഴയ ആയുധങ്ങളും വെടിക്കോപ്പുകളും വിൽപന നടത്തി ആ സമ്പത്ത് തട്ടിയെടുക്കാനാണ് സാമ്രാജ്യത്വം ശ്രമിക്കുന്നത്. ശത്രുവിന് നേരെ ഒരിക്കലും പ്രയോഗിക്കപ്പെടാത്തതും എന്നാൽ സ്വന്തം ജനതയെ അടിച്ചമർത്തുന്നതിനു മാത്രം പ്രധാനമായും പ്രയോഗിക്കപ്പെടുന്നതുമാണ് ഈ ആയുധങ്ങൾ. അറബ് മുസ്‌ലിം സൈനികശേഷി എന്ന് പറയുന്നത് ലൂക്കീമിയ ബാധിച്ചവനെ പോലെയാണ്. രക്തത്തിലെ വെള്ളരക്താണു ശരീരത്തിന്റെ പ്രതിരോധ സംവിധാനമാണ്. ലൂക്കീമിയ ബാധിച്ചാൽ വെള്ള രക്താണുക്കൾ ക്രമാതീതമായി വർധിക്കും. പക്ഷേ, ശരീരത്തെ പ്രതിരോധിക്കാൻ കൊള്ളില്ലെന്നു മാത്രമല്ല സകല മാരക രോഗങ്ങൾക്കും ശരീരത്തെ എളുപ്പത്തിൽ ആക്രമിച്ചു കീ

ഴ്പ്പെടുത്താനുള്ള സാഹചര്യം അവ സൃഷ്ടിക്കുകയും ചെയ്യും. ഇതേപോലെ, അറബ്-മുസ്‌ലിം സൈന്യം എണ്ണത്തിൽ ദിനേന ലൂക്കീമിയ ബാധിച്ച രക്തത്തിലെ വെള്ള രക്താണുക്കളെ പോലെ ക്രമാതീതമായി വർധിച്ചുകൊണ്ടേയിരിക്കുന്നു. പക്ഷേ, തങ്ങളുടെ രാജ്യത്തെ പ്രതിരോധിക്കാൻ കൊള്ളില്ലെന്നു മാത്രമല്ല ശത്രുരാജ്യങ്ങളുടെ ആക്രമണങ്ങൾക്ക് എളുപ്പത്തിൽ കീഴടങ്ങുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത് ഒരേസമയം സാമ്പത്തിക ചെലവ് ക്രമാതീതമായി വർധിപ്പിക്കുകയും രാജ്യത്തിന്റെയും സമൂഹത്തിന്റെയും സുരക്ഷിതത്വത്തെ അപകടത്തിലാക്കുകയും ചെയ്യുന്നു.

രാഷ്ട്രീയമായ ദുർബലപ്പെടുത്തൽ അറബ് മുസ്‌ലിം സമൂഹത്തിന്റെ ഏകീകരണത്തെ അസാധ്യമാക്കുന്നതിലൂടെയാണ് മുഖ്യമായും സാമ്രാജ്യത്വം നിർവഹിച്ചുപോരുന്നത്. ഒന്നാംലോക യുദ്ധത്തിൽ അറബ് ഗോത്ര വികാരത്തെ ഉദ്ദീപിപ്പിച്ച് തുർക്കി ഖിലാഫത്തിനെതിരെ തിരിച്ചുവിടുകയായിരുന്നു. അറബ് കൈകൾകൊണ്ടുതന്നെ ഖിലാഫത്തിന്റെ അന്ത്യം ഉറപ്പുവരുത്താൻ ആവശ്യമായതൊക്കെയും ബ്രിട്ടനും ഫ്രാൻസും ചെയ്തുവെച്ചിരുന്നു. ഒന്നാം ലോക യുദ്ധാനന്തരം അറബികൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട 'സ്വാതന്ത്ര്യം' നൽകുന്നതിനു പകരം അറബ് മുസ്‌ലിം രാജ്യങ്ങളെ തങ്ങളുടെ കോളനികളാക്കി വിഭജിച്ചെടുക്കുകയാണ് സാമ്രാജ്യത്വം ചെയ്തത്. ആ വഞ്ചനാപൂർണമായ രഹസ്യ ധാരണയാണ് പിന്നീട് സൈക്സ്-പിക്കോട്ട് ഉപജാപമായി മുസ്‌ലിംലോകത്ത് അറിയപ്പെട്ടത്. ഈ വിഭജനത്തോടുകൂടി വിശുദ്ധ ഖുർആൻ സൂചിപ്പിച്ചതുപോലെ അറബ്-മുസ്‌ലിം സമൂഹത്തിന്റെ കാറ്റുതന്നെ പോയി (8:46). ഇതേ വിഭജനത്തിന്റെ തുടർച്ച അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിൽ അറബ്-മുസ്‌ലിം രാജാക്കന്മാരെയും സ്വേഛാധിപതികളെയും ഉപയോഗിച്ചുകൊണ്ടുതന്നെ തുടരാൻ പോകുകയാണ്. ഇറാഖ് മൂന്നായി വിഭജിക്കപ്പെടുമെന്ന് യുദ്ധത്തിന്റെ തുടക്കത്തിലേ നിരീക്ഷിക്കപ്പെട്ടതാണ്. പാകിസ്താനെയും സുഡാനെയും ഇറാനെയും വിഭജിക്കാനുള്ള അണിയറ നീക്കങ്ങൾ തകൃതിയായി നടന്നുകൊണ്ടിരിക്കുന്നു. ശിഥിലീകരണ പദ്ധതി ഇവിടം കൊണ്ട് അവസാനിക്കുന്നില്ല. ഇത് ക്രമേണ സിറിയ, സുഊദി അറേബ്യ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിലേക്ക് വരെ നീളാം.

മൂന്ന് രീതികളിലാണ് പഴയ ബ്രിട്ടീഷ്, ഫ്രഞ്ച് സാമ്രാജ്യത്വം അറബ്- മുസ്‌ലിം നാടുകളെ ശിഥിലീകരിച്ചിരുന്നത്.

1. സാമാന്യം വിശാലമായ രാജ്യങ്ങൾക്കിടയിൽ പ്രകൃതി വിഭവങ്ങളാൽ സമൃദ്ധമായ കൊച്ചു കൊച്ചു ഗോത്ര (tribal) രാജ്യങ്ങളുണ്ടാക്കുക. ഇങ്ങനെയാണ് ഒരു ചരിത്രപരതയുമില്ലാത്ത ഗൾഫ് ശൈഖ്ഡമുകളുണ്ടായത്. അതിൽ പിന്നെ ഈ ശൈഖ്ഡമുകളിൽ കൃത്രിമമായ ദേശീയ വികാരം ശക്തിപ്പെടുത്താനുള്ള മാർഗങ്ങൾ ആവിഷ്കരിച്ചു. ഇതിലൂടെ നിരവധി ലക്ഷ്യങ്ങൾ ഒരേസമയം സാമ്രാജ്യത്വത്തിനു സാക്ഷാത്കരിക്കാനാവും. വലിയ ദരിദ്ര രാജ്യങ്ങളിൽ തങ്ങളുടെ അയൽപക്കത്തുള്ള കൊച്ചു ധനിക രാജ്യങ്ങളുടെ നേരെ നിതാന്തവും നിരന്തരവുമായ വൈരവും അസൂയയും സൃഷ്ടിക്കാം. അതേസമയം തന്നെ ഈ കൊച്ചു ശൈഖ്ഡമുകളെ വലിയ ദരിദ്ര രാജ്യങ്ങളുടെ ഭീഷണിയിൽനിന്ന് സംരക്ഷിക്കുന്നതിന് സാമ്രാജ്യത്വ സേനയുടെ സാന്നിധ്യം ആവശ്യമായിത്തീർക്കുകയും ചെയ്യും. ഇത് കൊച്ചു ധനിക രാജ്യങ്ങളുടെ സമ്പത്ത് എളുപ്പത്തിൽ ഊറ്റിയെടുക്കാൻ സഹായിക്കുന്നതോടൊപ്പം തന്നെ, വിശാല ദരിദ്ര രാജ്യങ്ങളെ സമയവും സാഹചര്യവും ഒത്തുചേരുമ്പോൾ ആക്രമിക്കുന്നതിന് സൗകര്യം ചെയ്തു കൊടുക്കുന്നു. ഇറാഖുൾപ്പെടെയുള്ള ഇപ്പോഴത്തെ മിഡിലീസ്റ്റിലെ പ്രശ്നങ്ങളുടെ മൂലകാരണം ബ്രിട്ടീഷ് സാമ്രാജ്യത്വം അറബ്-മുസ്‌ലിം രാജ്യങ്ങളെ കൃത്രിമമായി വിഭജിച്ചു ശിഥിലീകരിച്ചതിൽനിന്നുണ്ടായതാണ്. അറബ് -മുസ്‌ലിം ലോകത്തിന്റെ യഥാർഥ മോചനത്തിന് സാമ്രാജ്യത്വം ഉണ്ടാക്കിയ ഈ ശൈഥില്യത്തിൽനിന്നുള്ള മുക്തി വളരെ അനിവാര്യമാണ്. കൊച്ചു ട്രൈബൽ സമൂഹത്തിൽനിന്ന് കറങ്ങാതെ, വിശാലമായ അറബ്-മുസ്‌ലിം ലോകത്ത് നീതിപൂർവമായ രൂപത്തിൽ അതിന്റെ വിഭവങ്ങളുടെ വിതരണം ഉറപ്പുവരുത്താൻ സഹായിക്കുന്ന ജനകീയാഭിലാഷത്തിന്റെയും ഇഛയുടെയും അടിസ്ഥാനത്തിലുള്ള ഒരു രാഷ്ട്രീയ പുനരേകീകരണത്തിലൂടെ മാത്രമേ സാമ്രാജ്യത്വം ചെയ്തുകൂട്ടിയ ഈ ഉപജാപ പ്രവർത്തനത്തിന്റെ ദുഷ്ഫലങ്ങളിൽനിന്ന് അറബ്-മുസ്‌ലിം സമൂഹത്തിന് രക്ഷപ്പെടാനാവൂ.

2. അറബ്-മുസ്‌ലിം സമൂഹത്തെ ഈ രീതിയിൽ ശിഥിലീകരിച്ചുകൊണ്ട് മതിയാക്കിയില്ല സാമ്രാജ്യത്വ ഉപജാപം. ഈ ശിഥിലീകൃത രാജ്യങ്ങളിൽ തങ്ങളുടെ ഏറാൻമൂളികളായ രാജാക്കന്മാരെയും സ്വേഛാധിപതികളെയും ജനകീയാഭിലാഷത്തിന് വിരുദ്ധമായി നിരന്തരവും നിതാന്തവുമായ ആഭ്യന്തര സംഘർഷങ്ങൾ ഉറപ്പുവരുത്തുംവിധം കുടിയിരുത്തി. അങ്ങനെയാണ് സുന്നീ ഭൂരിപക്ഷ രാജ്യമായ സിറിയയിൽ അലവികളുടെ സൈനിക ഭരണവും ശീഈ ഭൂരിപക്ഷ രാജ്യങ്ങളായ ഇറാഖ്, ബഹ്റൈൻ പോലുള്ള രാജ്യങ്ങളിൽ സുന്നികളായ ഭരണകർത്താക്കളും കുടിയിരുത്തപ്പെട്ടത്. ഇങ്ങനെ ഏതെങ്കിലും തരത്തിലുള്ള ആഭ്യന്തര വൈരുധ്യങ്ങളില്ലാതെ ഒരൊറ്റ അറബ്-മുസ്‌ലിം രാജ്യവും ഇല്ല എന്നതാണ് വാസ്തവം.

3. വിദൂര ഭാവിയിൽ പോലും ഈ ശിഥിലീകൃത രാജ്യസമൂഹങ്ങളിൽ ഒരു വിധത്തിലും ജനകീയാഭിലാഷത്തിനനുസൃതമായ ഭരണസംവിധാനം വരാതിരിക്കുന്നതിനു വേണ്ടി സ്തുതിപാഠകരായ അൾട്രാ സെക്യുലറിസ്റ്റ് പോലീസ് സൈനിക വിഭാഗങ്ങളെ വളർത്തിക്കൊണ്ടുവന്നു. യജമാനഭക്തരായ പോലീസ് സൈനിക വിഭാഗങ്ങൾ അൾജീരിയയിലെയും തുർക്കിയിലെയും മാത്രം പ്രതിഭാസമല്ല. സദ്ദാം കാലത്തെ ഇറാഖ്, ലിബിയ, സിറിയ തുടങ്ങിയ രാജ്യങ്ങൾ അൾട്രാ സെക്യുലർ സൈനിക വിഭാഗത്തിന് പേരുകേട്ടവയാണ്. സ്വന്തം ജനതയെ അടിച്ചമർത്തുന്നതിൽ അതിക്രൂരത കാട്ടുന്ന ഈ വിഭാഗം ശത്രുസൈന്യത്തിന്റെ മുന്നിൽ ഭീരുക്കളുടെ ആൾകൂട്ടം പോലെയാണ്. പാശ്ചാത്യ ഭക്തരായ രാജാക്കന്മാരെയും സ്വേഛാധിപതികളെയും മുസ്‌ലിം നാടുകളിൽ നിലനിർത്തി സംരക്ഷിച്ചുപോരുന്നതിൽ പാശ്ചാത്യ ഭക്തർ തന്നെയായ പോലീസ് സൈനിക വിഭാഗം വഹിക്കുന്ന പങ്ക് തുല്യതയില്ലാത്തതാണ്. വിപ്ലവാനന്തര ഇറാന്റെയും പാകിസ്താന്റെയും അനുഭവം ഇതിൽനിന്നും വ്യത്യസ്തമായിരുന്നു. എന്നാൽ ബേനസീർ ഭുട്ടോയുടെ രണ്ട് ഊഴങ്ങളിൽ സൈനിക തലപ്പത്ത് നടത്തിയ സമൂലമായ മാറ്റങ്ങളും പർവേസ് മുശർറഫ് സെപ്റ്റംബർ 11 -നു ശേഷം അമേരിക്കയോടൊപ്പം ചേർന്ന് സ്വന്തം ജനതക്കെതിരെ യുദ്ധം ചെയ്യാൻ എടുത്ത തീരുമാനവും തദടിസ്ഥാനത്തിൽ വരുത്തിയ തുടർമാറ്റങ്ങളും പാകിസ്താൻസൈനിക വിഭാഗവും ഏറക്കുറെ ഇതര അറബ്-മുസ്‌ലിം രാജ്യങ്ങളുടെ അവസ്ഥയിലേക്ക് അധഃപതിക്കാൻ കാരണമായി.

(തുടരും)